**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 696** **26-07-2021 - ൽ മറുപടിയ്ക്ക്**

**കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ കിഫ്ബിയുടെ തുക വിനിയോഗിച്ച് നിർമ്മാണം നടത്തുന്നതിനുവേണ്ടി ഭരണാനുമതി ലഭിച്ച കൃഷ്ണപുരം മാമ്പ്രകന്നേൽ റെയിൽവേ മേൽപ്പാലം പദ്ധതിയുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ? | (എ) | ആലപ്പുഴ ജില്ലയിലെ കായംകുളം നിയമ സഭാ മണ്ഡലത്തിൽ ഉൾപ്പെട്ട കൃഷ്ണപുരം വില്ലേജിൽ മാമ്പ്രക്കന്നേൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിൽ 60 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകുകയും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ (ആർ ബി ഡി സി കെ) എസ് പി വി ആയി നിയമിക്കുകയും ചെയ്തു. ആർ ബി ഡി സി കെ തയ്യാറാക്കിയ ഡി പി ആർ-ന് കിഫ്ബിയിൽ നിന്നും 31.21 കോടി രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൃഷ്ണപുരം വില്ലേജിലെ വിവിധ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട ടി റെയിൽവേ മേൽപ്പാലം പദ്ധതിയ്ക്കായി 1.084 ഹെക്ടർ (2.678 ഏക്കർ) സ്ഥലം ഏറ്റെടുക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ എൽ എ കിഫ്ബി കായംകുളത്തിനെ ചുമതലപ്പെടുത്തി യിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി, ഇപ്പോൾ സാമൂഹിക ആഘാത പഠനം പൂർത്തിയാക്കി 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സ്ഥലം ഏറ്റെടുപ്പിന്റെ പ്രാരംഭചിലവുകൾക്കായി കിഫ്ബിയിൽ നിന്ന് 23,42,795/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ GAD റെയിൽവേയുടെ അംഗീകാരത്തിന് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയുടെ അംഗീകാരം ലഭിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയും |

സെക്ഷൻ ഓഫീസർ